**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1265

02/05/2017 - ൽ മറുപടിക്ക്

## സാമ്പത്തിക ശാക്തീകരണത്തിനായി കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി.അയിഷാ പോറ്റി<br>ശ്രീ. വി.അബ്ദുറഹിമാൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.ഐ.ബി.സതീഷ് | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) അംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിനായി കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) ലഘുസമ്പാദ്യവായ്പ ബാങ്ക് ലിങ്കേജ് വഴി ലഭ്യമാക്കി വരുമാനദായക പ്രവർത്തനങ്ങൾക്കുള്ള തുക ലഭ്യമാക്കുകയും ടി വായ്പയിൽ 3 ലക്ഷം വരെയുള്ള വായ്പകൾക്ക് 4% പലിശ കഴിഞ്ഞുള്ള പലിശ തുക സബ്സിഡിയായി നൽകുകയും ചെയ്യുന്നു. കൂടാതെ അയൽക്കൂട്ടങ്ങളുടെ സമ്പാദ്യത്തിൽ കൂട്ടിച്ചേർക്കാൻ വേണ്ടി റിവോൾവിംഗ് ഫണ്ടും വരുമാനദായക പ്രവൃത്തികൾ നിറവേറ്റുന്നതിനായി കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടും നൽകിവരുന്നതോടൊപ്പം സാമ്പത്തിക ശാക്തീകരണത്തിനായി സാമ്പത്തിക സാക്ഷരതാപരിപാടിയും നടത്തി വരുന്നു. |
| (ബി) ഈ രംഗത്ത് ലഘു സമ്പാദ്യ വായ്പ പദ്ധതി (മൈക്രോ ഫിനാൻസ്) വഴിയുണ്ടായ ഇടപെടലിന്റെ വ്യാപ്തി വ്യക്തമാക്കാമോ; | (ബി) അയൽക്കൂട്ടങ്ങളുടെ ലഘുസമ്പാദ്യത്തിന്റെ നാലിരിട്ടിയിലധികം തുകയുള്ള വായ്പാ ഇടപാടുകൾ അവർക്കിടയിൽ നടക്കുന്നു. അയൽക്കൂട്ടങ്ങളുടെ ലഘുസമ്പാദ്യം 3,458 കോടി രൂപ ആയിരിക്കെ നാളിതുവരെ 14,152 കോടി രൂപയുടെ ആന്തരികവായ്പാ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |
| (സി) ചെറു സംരംഭ രംഗത്തെ കൂട്ടായ്മകൾ സാമ്പത്തിക ശാക്തീകരണത്തിന് എത്രമാത്രം ഉതകിയിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (സി) ഇല്ല |

| | | | |
|---|---|---|---|
| (ഡി) | കൃഷി, മൃഗസംരക്ഷണ രംഗത്ത് പ്രൊഡ്യൂസർ കമ്പനികളുടെ ഇടപെടൽ എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | കൃഷി, മൃഗസംരക്ഷണ രംഗത്ത് ഉത്പാദന കമ്പനികൾ കുടുംബശ്രീ രൂപീകരിച്ചത് കഴിഞ്ഞ സാമ്പത്തിക വർഷത്തിലാണ്. മലപ്പുറത്ത് തെന്നല പഞ്ചായത്തിൽ ജെ.എൽ.ജി.കളുടെ നേതൃത്വത്തിൽ രൂപീകരിച്ച തെന്നല അഗ്രോ പ്രൊഡ്യൂസർ കമ്പനി വഴി നെല്ല് സംഭരിച്ച് തെന്നല റൈസ് എന്ന പേരിൽ അരിയും മൂല്യവർദ്ധിത ഉത്പ്പന്നങ്ങളും നിർമ്മിച്ച് വിപണനം നടത്തുന്നുണ്ട്. കൂടാതെ മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീ രൂപീകരിച്ച ഉത്പാദന കമ്പനികളായ ഇമശ്രീ മിൽക് പ്രൊഡ്യൂസർ കമ്പനി, കണ്ണൂർ ഗോട്ട് ഫാർമേഴ്സ് കമ്പനി എന്നിവ വഴി ഉത്പാദകന് വിപണി കണ്ടെത്തുന്നതിനും, പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും, ഉത്പാദന ചെലവ് കുറയ്ക്കുന്ന രീതിയിൽ അസംസ്കൃത വസ്തുക്കൾ ഒരുമിച്ച് വാങ്ങി കുറഞ്ഞ വിലയിൽ ഉത്പാദകന് വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ഉത്പ്പന്നങ്ങളെ പൊതുബ്രാൻഡിനു കീഴിൽ കൊണ്ടുവരുന്നതിനും ഉത്പാദന കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ